**കേരള സർക്കാർ**

നം.43/എ.ആർ 13(2)/19/ഉ.ഭ.പ.വ.

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര
(എ.ആർ -13) വകുപ്പ്

തിരുവനന്തപുരം, തീയതി.22.02.2019

## <u>സർക്കുലർ</u>

വിഷയം:- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് - മുഖ്യമന്ത്രിയുടെ കമ്പ്യൂട്ടർ സെൽ - സി.എം.ഒ. പോർട്ടൽ വഴി പരാതികൾ/ നിവേദനങ്ങൾ ഫീൽഡ് ഓഫീസുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് സി.എം.ഒ. പോർട്ടലിലൂടെ കൈമാറി റിപ്പോർട്ട് ശേഖരിക്കാൻ സെക്ഷൻ ഓഫീസറെ അധികാരപ്പെടുത്തുന്നത് സംബന്ധിച്ച്

സെക്രട്ടേറിയറ്റിലെ സെക്ഷൻ ഓഫീസർമാർക്ക് സി.എം.ഒ.പോർട്ടൽ ലോഗിൻ നൽകിയതോടെ മുഖ്യമന്ത്രിക്ക് പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതികൾ മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്ന് നോഡൽ ഓഫീസർമാർ മുഖേന നേരിട്ട് സെക്ഷൻ ഓഫീസർമാരുടെ സി.എം.ഒ. പോർട്ടലിലെ ഇൻബോക്സിൽ രണ്ടോ മൂന്നോ ദിവസത്തിനുള്ളിൽ തന്നെ എത്തുന്നു. എന്നാൽ മുഖ്യമന്ത്രി പരിശോധിച്ച് സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുള്ള പരാതികൾ ഫയലിൽ പരിശോധിക്കുന്നതിന് വകുപ്പ് മേധാവിയുടേയോ മറ്റേതെങ്കിലും ഓഫീസിന്റെയോ റിപ്പോർട്ട്/ അഭിപ്രായം ആവശ്യമായി വരുന്നെങ്കിൽ പോർട്ടൽ വഴി കൈമാറാതെ ഇ-ഓഫീസിൽ ഒരു ഫയൽ സൃഷ്ടിച്ച് നടപടികൾ ആരംഭിച്ച് കത്ത് മുഖേന റിപ്പോർട്ട് ആവശ്യപ്പെടുകയും ഫിസിക്കലായി ലഭിക്കുന്ന റിപ്പോർട്ട് സ്കാൻ ചെയ്ത് ചേർത്ത് ഇ-ഓഫീസിൽ പരിശോധിച്ച് വരുന്നതിനാൽ വീണ്ടും കാലതാമസം ഉണ്ടാകുന്നു.

മേൽ സാഹചര്യത്തിൽ വകുപ്പ് തലവന്റെയോ മറ്റേതെങ്കിലും ഓഫീസിന്റെയോ റിപ്പോർട്ടോ അഭിപ്രായമോ ആവശ്യമായിട്ടുള്ള പരാതികൾ സെക്ഷൻ ഓഫീസർമാർക്ക് സി.എം.ഒ. പോർട്ടൽ മുഖേനെ തന്നെ റിപ്പോർട്ട്/ അഭിപ്രായം തേടാവുന്നതും ആയത് ലഭ്യമായതിനുശേഷം ഇ-ഓഫീസിലേയ്ക്ക് പുഷ് ചെയ്ത് തുടർ നടപടി സ്വീകരിച്ച് ഫയൽ ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിക്കാനും കഴിയുമെന്നതിനാൽ, സി.എം.ഒ പോർട്ടൽ മുഖേന ലഭിക്കുന്ന പരാതികൾ വ്യക്തമായ നിർദ്ദേശത്തോടെ സി.എം.ഒ. പോർട്ടലിലൂടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് കൈമാറി

റിപ്പോർട്ട്/ അഭിപ്രായം ശേഖരിക്കാൻ സെക്ഷൻ ഓഫീസർമാരെ അധികാരപ്പെടുത്തി നിർദ്ദേശം പുറപ്പെടുവിക്കുന്നു.

**ജി. കമലവർദ്ധന റാവു**
**പ്രിൻസിപ്പൽ സെക്രട്ടറി**

<u>പകർപ്പ്:</u>

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും /പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും സെക്രട്ടേറിയേറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്

എല്ലാ വകുപ്പ് മേധാവികൾക്കും /ജില്ലാ കളക്ടർമാർക്കും
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം
(അച്ചടി,ദൃശ്യമാധ്യമങ്ങളിലൂടെ പ്രചാരണം നൽകുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ